**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2673** **24-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2023 -2024 വർഷവും 2024-25 ലെ ആദ്യ രണ്ട് മാസങ്ങളിലുമായി കെ.എസ്.ഇ.ബി. യിൽ നിന്ന് വിവിധ തസ്തികകളിലായി എത്ര ജീവനക്കാർ വിരമിച്ചുവെന്നും അതിൽ എത്ര ഒഴിവുകൾ നിയമനത്തിനായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തുവെന്നുമുള്ള കണക്കുകൾ നൽകാമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ 2023-24 വർഷം ആകെ 1750 പേരും 2024-25 സാമ്പത്തിക വർഷത്തെ ഏപ്രിൽ, മെയ് മാസങ്ങളിൽ 1375 പേരും വിരമിച്ചു. സാങ്കേതിക വിദ്യയിലും പ്രസരണ വിതരണ വിഭാഗങ്ങളിൽ വന്ന മുന്നേറ്റങ്ങൾക്കനുസൃതമായും മറ്റ വിതരണ കമ്പനികളുമായി താരതമ്യം ചെയ്തും വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് റീ-സ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19.01.2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിൻമേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും, ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിൽ നടന്നു വരുന്ന റീ-സ്ട്രക്ചറിംഗ് നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ ഓരോ തസ്തികയിലേയും അംഗീകൃത എണ്ണം കൃത്യമായി കണക്കാക്കാൻ കഴിയൂ. അതിനനുസരിച്ച് മാത്രമേ തസ്തികകളുടെ എണ്ണം നിർണയിക്കുവാനും ഒഴിവുകൾ കണ്ടെത്താനും കഴിയുകയുള്ളൂ. ആയതിനു ശേഷം കണ്ടെത്തുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ബി) | നിലവിലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.യിൽ എത്ര ജീവനക്കാരുടെ കുറവ് വന്നിട്ടുണ്ടെന്ന് അറിയിക്കാമോ; അതിലേക്ക് കരാർ നിയമനം നടത്തുന്നതിന് തീരുമാനമെടുക്കുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ഇ.ബി ലിമിറ്റഡ് -ന്റെ വിവിധ തസ്തികകളുടെ റീ-സ്ട്രക്ചറിംഗ് നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ കുറവുള്ള ജീവനക്കാരുടെ എണ്ണം കണ്ടെത്തുവാൻ കഴിയുകയുള്ളൂ. കെ.എസ്.ഇ.ബി ലിമിറ്റഡിൽ കരാർ നിയമനം നടത്താറില്ല. എന്നാൽ ജീവനക്കാരുടെ അഭാവംമൂലം കാര്യാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാനും തന്മൂലം |

| | | | |
|---|---|---|---|
| | | | പൊതു ജനങ്ങൾക്ക് വൈദ്യുതി വിതരണം തടസം കൂടാതെ നടത്തുന്നതിനും ചിലകാര്യാലയങ്ങളിൽ ചില പ്രവൃത്തികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തിവരാറുണ്ട്. |
| (സി) | 2023 -24 വർഷത്തിൽ വിവിധ തസ്തികകളിലായി പി.എസ്.സി, ആശ്രിത നിയമനം, സ്പോർട്സ് ക്വോട്ട, കരാർ വ്യവസ്ഥ എന്നിവ മുഖേന കെ.എസ്.ഇ.ബി.യിൽ നിയമനം ലഭിച്ച ജീവനക്കാരുടെ കണക്കുകൾ നൽകാമോ? | (സി) | 2023-24 വർഷത്തിൽ പി.എസ്.സി. മുഖേന 310 നിയമനവും, ആശ്രിത നിയമനം മുഖേന 76 നിയമനങ്ങളും, സ്പോർട്ട്സ് ക്വാട്ട മുഖേന 13 നിയമനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ